രൂപീകരിക്കുക, പ്രവൃത്തികൾ നടപ്പിലാക്കുക, പുരോഗതി നിരീക്ഷിക്കുക, അവലോകനം ചെയ്യുക എന്നീ ഉദ്ദേശ്യങ്ങൾക്കായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ CAPS (Centrally Aided Projects & Safety) എന്ന ഒരു ഓഫീസ് സജ്ജീകരിച്ചിട്ടുണ്ട്. പ്രസരണ മേഖലയിലെ കർമ്മപദ്ധതികൾക്കായി വിശദമായ സാങ്കേതിക പഠനം നടത്തി ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മാണ സാമഗ്രികളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്രകാരം അടുത്ത അഞ്ചു വർഷത്തേയ്ക്ക് നടപ്പാക്കേണ്ട പദ്ധതികളുടെ വിശദാംശങ്ങളും ഇരുപത് വർഷത്തേയ്ക്കുള്ള പദ്ധതികളുടെ രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി ബോർഡ് എ.ആർ. & ഇ.ആർ.സി.

23 (2224) ശ്രീ. എ. കെ.ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ 2014-15 വർഷത്തെ എ.ആർ.ആർ. & ഇ.ആർ.സി. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത എ. ആർ.ആർ. & ഇ.ആർ.സി. കമ്മീഷന് മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) നിരക്ക് വർദ്ധനവിന് എന്തെങ്കിലും നിർദ്ദേശം മുന്നോട്ട വച്ചിട്ടുണ്ടോ; എത്രത്തോളം നിരക്ക് വർദ്ധനയാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2014-15 വർഷത്തെ എ.ആർ.ആർ. & ഇ.ആർ.സി. പെറ്റീഷനും 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളടങ്ങിയ താരിഫ് പെറ്റീഷനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിച്ചിരുന്നു. ടി പെറ്റീഷനുകൾ പരിശോധിച്ച് റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് താരിഫ് പരിഷ്കരണത്തിലൂടെ 1423.63 കോടി രൂപ റവന്യൂ കമ്മി (ഭാഗികമായി) നികത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയത്. എന്നാൽ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം 1,090 കോടി രൂപയുടെ കമ്മി നികത്തുന്നതിനുള്ള അനുമതി നൽകി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിലൂടെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിന്മേൽ 3.2% മുതൽ 21.9%വരെ വർദ്ധനവുണ്ടായിട്ടുണ്ട്. നിരക്ക് വർദ്ധനവിന് പുതിയ നിർദ്ദേശങ്ങളൊന്നും വച്ചിട്ടില്ല.

കോട്ടയം ജില്ലയിലെ വൈദ്യുതി രംഗം

24 (2225) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ വൈദ്യുതി രംഗം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇതിൽ എത്ര സബ് സ്റ്റേഷനുകൾ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിലെ വൈദ്യുതി മേഖല നവീകരിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിലെ വൈദ്യുതിമേഖല മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളും (RAPDRP, DDUGJY, IPDS തുടങ്ങിയവ) സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) എന്ന പദ്ധതിയും മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് ഇക ഒടുക്കുന്നവയും കൂടാതെ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയുമാണ് വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കോട്ടയം ജില്ലയിൽ വൈദ്യുതിരംഗം മെച്ചപ്പെടുത്തുന്നതിന് കോടിമത, കല്ലറ, മണിമല, കൂട്ടിക്കൽ, പുതുപ്പള്ളി, എരുമേലി എന്നിവിടങ്ങളിൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. പാമ്പാടി, കാഞ്ഞിരപ്പള്ളി 66 കെ.വി. സബ്സ്റ്റേഷനുകൾ 110 കെ.വി. ആയി ഉയർത്താനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly